പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1201 | 10/08/2017 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>,, മഞ്ഞളാംകുഴി അലി<br>,,എൻ. ഷംസുദീൻ<br>,,കെ. എം. ഷാജി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലോവർ പ്രൈമറി മുതൽ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ നിരക്ക് വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ? | (എ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിലും കോളേജ് വിദ്യാർത്ഥികൾക്കിടയിലും പരിശോധന നടത്തിയിട്ടില്ല. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കുട്ടികൾക്കിടയിലെ അത്മഹത്യ പ്രവണത പ്രതിരോധിക്കുവാനുള്ള സമഗ്രപദ്ധതി ആവിഷ്കരിക്കുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്(NIMHANS), ബാംഗ്ലൂരിനെ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) രക്ഷകർത്താക്കളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനാധികൃതരിൽ നിന്നുമുള്ള സമ്മർദ്ദം വിദ്യാർത്ഥികളെ ആത്മഹത്യയിലേക്ക് നയിക്കുന്നതിലെ പ്രധാന കാരണമായി ചൂണ്ടിക്കാട്ടികൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദ്യാർത്ഥി ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നതിന്റെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | (സി) 2016-17 അക്കാദമിക വർഷം ഹയർ സെക്കന്ററി ഡയരക്ടറേറ്റ് - കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെൽ നടത്തിയ പഠനത്തിൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കിടയിൽ 29 ആത്മഹത്യയും 38 ആത്മഹത്യാ ശ്രമവും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ